LIBRARY ARCHIVES Kerala Legislative Assembly

2012-ൽ ഒക്ടോബർ 31 വരെ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ

245 (T* 4580) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-ൽ ഒക്ടോബർ 31 വരെ സംസ്ഥാനത്ത് എത്ര പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഈ വാഹനങ്ങൾ ഉദ്യോഗസ്ഥർ പരിശോധിച്ച ശേഷമാണോ രജിസ്റ്റർ ചെയ്യാറുള്ളത് ;

(സി) ഓരോ ജില്ലയിലും ആർ.ടി. ഓഫീസുകളിലും 2012 ജനുവരി ഒന്നു മുതൽ രജിസ്റ്റർ ചെയ്ത ആദ്യ നമ്പറുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ വർഷം രജിസ്റ്റർ ചെയ്ത വാഹനങ്ങളിൽ മോട്ടോർ വാഹന നിയമം ലംഘിച്ച് സുതാര്യമല്ലാത്ത ഗ്ലാസ്സുകൾ ഫിറ്റ് ചെയ്ത എത്ര വാഹനങ്ങളിൽ നിന്നും അവ നീക്കം ചെയ്യിച്ചിട്ടുണ്ട് ; നിയമം പാലിക്കാത്ത എത്ര വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 8,09,776.

(ബി) അതെ.

(സി) അനുബന്ധമായി വച്ചിരിക്കുന്നു.*

(ഡി) മോട്ടാർ വാഹന വകുപ്പ് 94 വാഹനങ്ങളിൽ നിന്നും സൺ ഫിലിം നീക്കം ചെയ്തിട്ടുണ്ട്. നിയമം പാലിക്കാത്ത വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടില്ല. സംസ്ഥാന പോലീസ് വകുപ്പ് 2015 ജനുവരി 1 മുതൽ ജൂൺ 15 വരെ മോട്ടാർ വാഹന നിയമം ലംഘിച്ച് സുതാര്യമല്ലാത്ത ഗ്ലാസുകൾ ഫിറ്റ് ചെയ്ത 9399 വാഹനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും, അവ നീക്കം ചെയ്യുന്നതിന് വേണ്ടി താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഈ വർഷം രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ കണക്ക് പ്രത്യേകം തയ്യാറാക്കിയിട്ടില്ല.

സ്വകാര്യ ബസ് സമരങ്ങൾമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

246 (4581) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിക്കടി ഉണ്ടാകുന്ന സ്വകാര്യ ബസ്സ് സമരങ്ങൾമൂലം യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അവസരങ്ങളിൽ യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് മതിയായ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഏർപ്പെടുത്താറുണ്ടോ ; ഇല്ലെങ്കിൽ ആയതിന് പ്രത്യേക ശ്രദ്ധ നൽകുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.